തോട്ടപ്പുഴശ്ശേരി, ആറൻമുള എന്നീ പകതികളിലെ പുഞ്ച കൃഷിക്കാർ പമ്പാനദിയിൽനിന്നും ജലസേചനസൗകര്യമുണ്ടാക്കി സഹായിക്കാൻ നിവേദനങ്ങൾ നടത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത നിവേദനങ്ങളിൽ എന്തു നടപടികൾ എടുത്തു;

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഉണ്ട്.

(ബി) മാലക്കര എന്ന സ്ഥലത്തു ഒരു ലിഫ്റ്റിറിഗേഷൻ വർക്ക് സ്ഥാപിക്കാൻ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: ഇപ്പോൾ അതു അവിടെനിന്നും മാറ്റി വേറെ ഏതോ സ്ഥലത്തു സ്ഥാപിക്കാൻ ആലോചന നടന്നുവരുന്നുണ്ടോ;

ശ്രീ. ടി. കെ. നാരായണപിള്ള: അതിപ്പോൾ സൂക്ഷ്മമായി പറയാൻ നിവൃത്തിയില്ല.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: ആ സ്ഥലത്തു വേനൽക്കാലത്തു വെള്ളമില്ലാത്തതുകൊണ്ടും വർഷകാലത്തു വെള്ളത്തിന്റെ ആധിക്യംകൊണ്ടും നെൽകൃഷി നശിച്ചുപോകുന്നുണ്ടെന്നറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതറിവുണ്ട്. അതുകൊണ്ടാണ് താൽക്കാലികമായി അവിടെ ഒരു ലിഫ്റ്റിറിഗേഷൻവർക്ക് സ്ഥാപിക്കാൻ ഇടയായിട്ടുള്ളതു്. അതവിടെനിന്നും മാറ്റേണ്ട ആവശ്യമില്ലെങ്കിൽ മാറ്റുന്നതല്ല.

ഫുഡ് പ്രൊഡക്ഷൻ കമ്മിറ്റികൾ

*ക ൦ ര ക. (ന ന) ശ്രീ. എ. വി. ജോസഫ്: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

ഇപ്പോൾ നിലവിലുള്ള ഫുഡ് പ്രൊഡക്ഷൻ കമ്മിറ്റികൾ പുനഃസംഘടിപ്പിക്കുവാൻ ഗവർമ്മെൻറ് ആലോചിക്കുന്നുണ്ടോ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള): ഇല്ല.

ശ്രീ. എ. വി. ജോസഫ്: ഏതുതരത്തെ അടിസ്ഥാനപ്പെടുത്തിയാണ് ഈ കമ്മിറ്റികൾ രൂപീകരിച്ചിട്ടുള്ളതു്?

ശ്രീ. ടി. കെ. നാരായണപിള്ള: കഴിയുന്നത്ര പ്രാതിനിദ്ധ്യസ്വഭാവത്തോടുകൂടിയിണ്ട്.

ശ്രീ. എ. വി. ജോസഫ്: കർഷകതൊഴിലാളികളിൽ ആർക്കെങ്കിലും ഈ കമ്മിറ്റികളിൽ പ്രാതിനിദ്ധ്യം നൽകിയിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അധികം ആളുകൾ ഉണ്ടെന്നു തോന്നുന്നില്ല.

ശ്രീ. ഇട്ടീര അമ്മുക്കൻ: ഈ സംസ്ഥാനത്തിലെ കേന്ദ്രഫുഡ് പ്രൊഡക്ഷൻ കമ്മിറ്റി ഉടച്ചുവാർക്കാൻ ആലോചനയുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഉടച്ചുവാർക്കാൻ ആലോചന തുടങ്ങിയിട്ടില്ല.

ശ്രീ. ഇട്ടീര അമ്മുക്കൻ: ആലോചന തുടങ്ങാൻ ഭയവുണ്ടാകുമോ?

ശ്രീ. ടി. കെ. നാരായണപിള്ള: ആലോചന തുടങ്ങേണ്ടതാണെന്ന അഭിപ്രായമുള്ളപക്ഷം അതിനെപ്പറ്റി ആലോചിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇട്ടീര അനുക്കൻ : ആ കമ്മിറ്റിയെ ഉടച്ചുവാക്കാൻ ആലോചന തുടങ്ങേണ്ടതാണെന്ന് ഗവണ്മെൻറിനു ഇതിനകം ബോദ്ധ്യമായിട്ടില്ലേ?

Mr. Speaker: That is discussion. It is not allowed.

ശ്രീ. അലക്സാണ്ടർ വാകയിൽ : കേന്ദ്ര ഫുഡ് പ്രൊഡക്ഷൻ കമ്മിറ്റിയിൽ കർഷകവൃത്തിയിൽ പരിചയവും സാമർത്ഥ്യവുമുള്ള ആളുകളെക്കൂടി ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള : അങ്ങിനെയുള്ളവരെക്കൂടി ഉൾപ്പെടുത്തുന്നതിനു വിരോധമില്ല.

ശ്രീ. അലക്സാണ്ടർ വാകയിൽ : വിരോധമുണ്ടോ എന്നല്ല ചോദിച്ചതു്? അവരെക്കൂടി ഉൾപ്പെടുത്താൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ എന്നാണു് ചോദിച്ചതു്?

ശ്രീ. ടി. കെ. നാരായണപിള്ള : അങ്ങിനെ വേണമെന്നു് അഭിപ്രായമുണ്ടെങ്കിൽ അതിനെപ്പറ്റി ആലോചിക്കാം.

സൗജന്യം

*ഫ ൦ ൪൨. (നമ്പർ) ശ്രീ. എ. വി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട കൃഷിവകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

(എ) ഫൻ ൫ ൦ മാർച്ചിനുശേഷം കുട്ടനാട്ടിലെ കൃഷിക്കാർക്കു എന്തു സൗജന്യം നൽകിയിട്ടുണ്ടു്;

(ബി) അതേമാതിരിയിലുള്ള സൗജന്യങ്ങൾ കുന്നത്തുനാട്ടിലെ കൃഷിക്കാർക്കും കൊടുക്കുവാൻ ദയവുണ്ടാകുമോ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) കുട്ടനാട്ടു കർഷകർക്കു് പ്രത്യേകമായി യാതൊരു സൗജന്യവും നൽകിയിട്ടില്ല.

(ബി) എ. ഭാഗം ഉത്തരത്തിൻറെ വെളിച്ചത്തിൽ ഈ ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി : കുട്ടനാട്ടിലെ കൃഷിക്കാർക്കു സൗജന്യമായി വളം നൽകിവരുന്നില്ലേ?

ശ്രീ. ടി. കെ. നാരായണപിള്ള : സംസ്ഥാനം മുഴുക്കെ കൃഷിക്കാർക്കു് എതു സൗജന്യവ്യവസ്ഥയിലാണോ വളംകൊടുക്കുന്നതു് അതേ വ്യവസ്ഥയിൽ തന്നെയാണു് കുട്ടനാട്ടു കർഷകർക്കും വളം കൊടുക്കുന്നതു്. അവർക്കു പ്രത്യേകമായി യാതൊരു സൗജന്യവും കൊടുക്കുന്നില്ല.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി : കുന്നത്തുനാടു താലൂക്കിലെ കർഷകർക്കും ആ സൗജന്യം കൊടുക്കുന്നില്ലേ?

ശ്രീ. ടി. കെ. നാരായണപിള്ള : കന്യാകുമാരി മുതൽ ചിറയിൻകീഴുവരെയുള്ള സകല താലൂക്കിലും ഒരേ സൗജന്യവ്യവസ്ഥയിൽതന്നെയാണു് വളം കൊടുക്കുന്നതു്.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ് : കുട്ടനാട്ടിലെ കർഷകർക്കു് സൗജന്യവ്യവസ്ഥയിൽ കൊടുക്കുന്ന വളം അവർ ഉപയോഗിക്കാതെ മറ്റസ്ഥലങ്ങളിലേക്കു് കടത്തിക്കൊണ്ടുപോകുന്നതായി ഗവണ്മെൻറിനറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള : അങ്ങിനെ കടത്തിക്കൊണ്ടുപോകുന്നതായി വിചാരിക്കാൻ ന്യായമില്ല.

LIBRARY ARCHIVES Kerala Legislative Assembly